# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 680

19.03.2013ൽ
മറുപടിക്ക്

### വ്യവസായ പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ചേന്നം പള്ളിപ്പുറം പഞ്ചായത്തിൽ വ്യവസായ വികസന പാർക്കിനായി കെ.എസ്.ഐ.ഡി.സി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിരിക്കുന്നത്; | (എ) ചേന്നം പള്ളിപ്പുറം പഞ്ചായത്തിൽ വ്യവസായ വികസന പാർക്കിനായി 278.79 ഏക്കർ ഭൂമി കെ.എസ്.ഐ.ഡി.സി ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) അതിൽ എത്ര ഏക്കർ ഭൂമി ഏതെല്ലാം സ്ഥാപനങ്ങൾക്ക് നൽകി എന്ന് വ്യക്തമാക്കാമോ; ഇനി എത്ര ഏക്കർ ഭൂമി ഇവിടെ അവശേഷിക്കുന്നു; പുതിയ സ്ഥാപനങ്ങൾക്ക് ഭൂമി ലഭ്യമാക്കുമോ; | (ബി) ഏറ്റെടുത്ത ഭൂമിയിൽ 129.57 ഏക്കർ ഭൂമി വിവിധ പദ്ധതികൾക്കായി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഇവിടെ 149.21 ഏക്കർ ഭൂമി അവശേഷിക്കുന്നു.ഇത് പുതിയ സംരംഭകർക്ക് ലഭ്യമാക്കാവുന്നതാണ്. |
| സി) ഇവിടെ ഭൂമി ലഭ്യമാക്കി സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണ്. വിശദമാക്കാമോ? | (സി) വ്യവസായ പാർക്കിൽ ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി നിർദ്ദേശിച്ചിട്ടുള്ള അപേക്ഷ ഫാറം പൂരിപ്പിച്ച് പദ്ധതി റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഭൂമി 30 വർഷത്തേക്കാണ് പാട്ടത്തിന് നൽകുന്നത്. നിലവിലുള്ള പാട്ടത്തുക ഏക്കറിന് 36.25 ലക്ഷം രൂപയാണ് (സർവ്വീസ് ടാക്സ് കൂടാതെ). |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| കമ്പനിയുടെ പേര് | സ്ഥലത്തിന്റെ അളവ് (ഏക്കറിൽ) |
|---|---|
| ഐ.എച്ച് .ആർ.ഡി എഞ്ചിനീയറിംഗ് കോളേജ് | 25.00 |
| എവർഷൈൻ പെട്രോളിയം | 5.00 |
| ഗോൾഡൻ ഫൈബർ ടെക്സൊസൈറ്റി | 2.00 |
| കേര മാറ്റ് വാലപ്രൈവറ്റ് ലിമിറ്റഡ് | 1.50 |
| കേരള വാട്ടർ അതോറിറ്റി | 0.30 |
| കെ.എസ്.ഐ.റ്റി.ഐ.എൽ | 66.20 |
| ആലപ്പി ഫൈബർ ടഫ്റ്റ് പ്രൈവറ്റ് ലിമിറ്റഡ് | 2.00 |
| പത്മപ്രിയ എന്റർപ്രൈസസ് | 1.00 |
| മലബാർ സിമെന്റ്സ് | 7.00 |
| (റിഹാബിലിറ്റേഷൻ പർപ്പസ് ) | 19.57 |
| ആകെ | 129.57 |

Section Officer